ഭ്രൂണ ലിംഗനിർണ്ണയം

112 [5898] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭ്രൂണത്തിന്റെ ലിംഗനിർണ്ണയം നടത്തുവാൻ കഴിയുന്ന ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ള സ്വകാര്യ ലാബുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ലിംഗനിർണ്ണയം നടത്തുന്നതുമൂലം നടക്കുന്ന ഭ്രൂണഹത്യ തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ലിംഗനിർണ്ണയം നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) സ്വകാര്യ ആശുപത്രികളിൽ ലിംഗനിർണ്ണയം നടത്തുന്ന സമ്പ്രദായം നിർത്തലാക്കാൻ എന്തുനടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭ്രൂണത്തിന്റെ ലിംഗനിർണ്ണയം നടത്തുവാൻ കഴിയുന്ന ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ള 731 സ്വകാര്യ ലാബുകൾ ആണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. (30-6-2003 വരെയുള്ള കണക്കുകൾ പ്രകാരം) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

(ബി) ഗർഭസ്ഥ ശിശുവിന്റെ ലിംഗനിർണ്ണയം നടത്തുന്നതിനെ ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലും (ജമ്മു കാശ്മീർ പ്രദേശങ്ങൾ ഒഴികെ) നിരോധിച്ചുകൊണ്ടുള്ള 'ഗർഭകാല ലിംഗനിർണ്ണയ സാങ്കേതിക നിയമം-94 അഥവാ പി. എൻ. ഡി. റ്റി. ആക്റ്റ് -94' നിലവിലുണ്ട്. ഈ നിയമപ്രകാരം ഭ്രൂണ പരിശോധന നടത്തുന്നത് കുറ്റകരവും ശിക്ഷാർഹവുമാണ്. ഈ നിയമപ്രകാരം ഭ്രൂണ ലിംഗനിർണ്ണയം നടത്തുവാൻ കഴിവുള്ള ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളും നിയമാനുസൃതമായ രജിസ്ട്രേഷൻ എടുക്കേണ്ടതും നിയമത്തിൽ അനുശാസിക്കുന്ന പ്രകാരം പ്രവർത്തിക്കേണ്ടതുമാണ്. ഇത്തരം കാര്യങ്ങളിൽ പരിശോധന നടത്തുന്നതിനും നിയമനടപടി സ്വീകരിക്കുന്നതിനും അതത് ജില്ലാ മെഡിക്കൽ ഓഫീസർമാരെ അപ്രോപ്രിയേറ്റ് അതോറിറ്റിയായി നിയമിച്ചിട്ടുണ്ട്. അപ്രോപ്രിയേറ്റ് അതോറിറ്റിമാർക്ക് വേണ്ട സാങ്കേതിക സഹായം നൽകുന്നതിനുവേണ്ടി വിദഗ്ദ്ധന്മാരടങ്ങുന്ന ഒരു അഡ്വൈസറി കമ്മിറ്റിയേയും സർക്കാർ തലത്തിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ ഈ നിയമത്തെ സംബന്ധിക്കുന്ന അറിവുകൾ പൊതുജനങ്ങളിലേക്ക് പകരുന്നതിനുവേണ്ടി ബോർഡുകളും നോട്ടീസുകളും എല്ലാ താലൂക്ക് ആശുപത്രികളിലും പ്രദർശിപ്പിക്കുകയും, ആരോഗ്യ വകുപ്പ് മാസ് മീഡിയാ വിഭാഗത്തിന്റെ നേതൃത്വത്തിൽ വർക്ക്ഷോപ്പുകളും ക്ലാസ്സുകളും നടത്തുകയും, ടി. വി., റേഡിയോ തുടങ്ങിയ ഇലക്ട്രോണിക് മീഡിയകളിൽക്കൂടി നിരന്തരം പി. എൻ. ഡി. റ്റി. നിയമത്തെ സംബന്ധിക്കുന്ന പ്രക്ഷേപണങ്ങൾ നടത്തുകയും, പത്രങ്ങളിലും പ്രാദേശിക മാസികകളിലും പരസ്യങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് 'ഗർഭകാല ലിംഗനിർണ്ണയ സാങ്കേതിക നിയമം-94' പ്രകാരം ഭ്രൂണത്തിന്റെ ലിംഗനിർണ്ണയം നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. പി. എൻ. ഡി. റ്റി. ആക്റ്റ്-94ലെ സെക്ഷൻ 4(2) പ്രകാരം താഴെ പറയുന്ന രോഗങ്ങളുടെ പരിശോധനകൾക്കല്ലാതെ ഭ്രൂണ പരിശോധന നടത്താൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്:

(1) ക്രോമസോമൽ അബ്നോർമാലിറ്റീസ്
(2) ജനറ്റിക് മെറ്റബോളിക് ഡിസീസസ്
(3) ഹീമോഗ്ലോബിനോപതീസ്
(4) സെക്സ് ലിംക്ഡ് ജനറ്റിക് ഡിസീസസ്
(5) കൺജനീറ്റൽ അനോമലീസ്
(6) സെൻട്രൽ സൂപ്പർവൈസറി ബോർഡ് നിശ്ചയിക്കുന്ന മറ്റ് രോഗ കാരണങ്ങൾ.

(ഡി) സ്വകാര്യ ആശുപത്രികളിൽ ഭ്രൂണലിംഗ നിർണ്ണയം നടത്തി ഭ്രൂണഹത്യ നടത്തുന്ന സമ്പ്രദായം നിർത്തലാക്കുവാൻവേണ്ടി പി. എൻ. ഡി. റ്റി. ആക്ട്-94-ൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ നിയമങ്ങളും പരിപാലിക്കപ്പെടുന്നുണ്ടോ എന്ന് ജില്ലാ അപ്രോപ്രിയേറ്റ് അതോറിറ്റി പരിശോധനകൾ നടത്തുന്നുണ്ട്. പരാതികളിന്മേൽ ഉചിതമായ നടപടികൾ, അതായത്, രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുക, സസ്പെൻഡു ചെയ്യുക, സ്ഥാപനങ്ങൾ അടച്ചുപൂട്ടുക, കോടതിയിൽ നേരിട്ട് കേസ് ഫയൽ ചെയ്യുക തുടങ്ങിയ നടപടികൾ കൈക്കൊള്ളുന്നതിന് അപ്രോപ്രിയേറ്റ് അതോറിറ്റികൾക്ക് അധികാരവും നൽകിയിട്ടുണ്ട്.

'ഈഡിസ്' കൊതുകുകളുടെ നിർമ്മാർജ്ജനം

113 [5899] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, സി. മമ്മൂട്ടി:
,, സി. മോയിൻകുട്ടി:
,, ടി. പി. എം. സാഹിർ:
,, കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഡങ്കിപ്പനി പരത്തുന്ന 'ഈഡിസ്' കൊതുകുകൾ കേരളത്തിൽ വർദ്ധിച്ചുവരുന്നതിനാൽ ഇവയുടെ നിർമ്മാർജ്ജനത്തിന് എന്തൊക്കെ അടിയന്തിര നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ത്രിതല പഞ്ചായത്തുകളുമായി സഹകരിച്ചുകൊണ്ട് തീവ്രയത്ന ശുചിത്വ പരിപാടികൾ, കൊതുകിനെതിരെയുള്ള സ്പ്രേയിംഗ്, ഫോഗിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനു പുറമേ വീടും പരിസരവും ശുചിയാക്കുന്നതിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള ആരോഗ്യ വിദ്യാഭ്യാസ പരിപാടികളും നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly